# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 14.08.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. 78-ാ൦ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കാനൊരുങ്ങി രാജ്യം; സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും.

   Nation all set to celebrate 78th Independence day. President Droupadi Murmu will address the nation today ahead of the Independence Day

2. രാജ്യത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കണമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ.

   National Medical Commission has given advisory to all Medical colleges ensure safe work environment in Medical Colleges and Hospital campuses.

3. പശ്ചിമബംഗാളിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ കേസിൽ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട് കൽക്കട്ട ഹൈക്കോടതി ; സംഭവത്തിൽ പ്രതിഷേധിച്ച് റസിഡൻറ് ഡോക്ടർമാർ നടത്തിവന്ന സമരം പിൻവലിച്ചു.

   Calcutta High Court orders CBI probe into alleged rape and murder of a doctor at a hospital in Kolkata. Resident Doctors Association decided to call off their strike over the incident

4. വയനാട് ദുരന്തമേഖലയിൽ വിദഗ്ദ്ധ സംഘം ഇന്നും പരിശോധന തുടരും ; ദുരിതബാധിതർക്ക് വീട്ടുപകരണങ്ങൾ

ഉൾപ്പെടെ നല്ലി താല്ക്കാലിക പുനരധിവാസം ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ.

In Wayanad, the expert committee will continue their inquiry in the landslide affected area. The government said that they will ensure temporary rehabilitation of the affected with all necessary home appliances.

5. വടക്കേ ഇന്ത്യയിൽ കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ എറണാകുളത്തും, തൃശ്ശൂരും ഇന്ന് ഓറഞ്ച് ജാഗ്രത.

IMD predicts heavy rainfall in Northern states. While in Kerala, Orange alert declared in Ernakulam and Thrissur districts.

************************************

## PRESIDENT ADDRESS

78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് 7 മണിക്ക് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശനന്റേയും എല്ലാം നിലയങ്ങളും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും പ്രക്ഷേപണം ചെയ്യും. തുടർന്ന് അഭിസംബോധനയുടെ പ്രാദേശിക പരിഭാഷയും പ്രക്ഷേപണം ചെയ്യും . ആകാശവാണിയുടെ പ്രാദേശിക നിലയങ്ങൾ രാത്രി 9.30 ന് പരിഭാഷ പ്രക്ഷേപണം ചെയ്യും.

************************************

## PM- ARUNACHAL 600 ft TIRANGA

ഹർ ഘർ തിരംഗ പ്രചാരണ പരിപാടിയോട് അനുബന്ധിച്ച് അരുണാചൽ പ്രദേശിൽ അറുനൂറ് അടി നീളമുള്ള ഇന്ത്യൻ ദേശീയ പതാക വഹിച്ചുകൊണ്ടുള്ള തിരംഗ റാലി സംഘടിപ്പിച്ചതിൽ സന്തോഷം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി . ഓരോ പൗരൻ്റെയും ഹൃദയത്തിൽ ദേശസ്നേഹം ആഴത്തിൽ വേരൂന്നിയ നാടാണ് അരുണാചൽ പ്രദേശെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു

*******************************************

## INDEPENDENCE-DAY PANCHAYAT

78-ാം സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ 400 തിരഞ്ഞെടുത്ത പ്രതിനിധികൾക്ക് ക്ഷണം. വനിതകൾ ഉൾപ്പെടെയുള്ള പ്രതിനിധികളെയാണ് കേന്ദ്ര സർക്കാർ പ്രത്യേക അതിഥികളായി ക്ഷണിച്ചത്. അതേസമയം വനിതകളുടെ നേതൃത്വം പഞ്ചായത്തുകളിൽ എന്ന വിഷയത്തിൽ പഞ്ചായത്തിരാജ് മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നുണ്ട്. ശിൽപശാലയിൽ പങ്കെടുക്കുന്നവരെ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രി രാജീവ് രഞ്ജൻ സിംഗും സഹമന്ത്രി എസ്.പി.സിംഗും അഭിവാദ്യം ചെയ്യും.

*******************************************

## INDEPENDENCE DAY CELEBRATION

സ്വാതന്ത്ര്യദിനത്തിന്റെ സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി നാളെ രാവിലെ 9 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

*******************************************

## AMRIT UDYAN ....INTRO

രാഷ്ട്രപതി ഭവനിൽ നടക്കുന്ന അമൃത് ഉദ്യാൻ 2024 ആഘോഷ പരിപാടികൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും. വെള്ളിയാഴ്ച മുതൽ സെപ്റ്റംബർ 15 വരെ അമൃത് ഉദ്യാനം

സന്ദർശിക്കാൻ പൊതുജനങ്ങൾക്ക് അവസരമുണ്ട്. **വിശദാംശങ്ങളിലേയ്ക്ക്......**

(വോയ്സ്)

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 29 ന് ഇതാദ്യമായി അമൃത് ഉദ്യാൻ വീക്ഷിക്കാൻ കായിക താരങ്ങളെയും ക്ഷണിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്കൂളുകൾ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ അധ്യാപകർക്കും പൂക്കളുടെ വസന്തം നേരിൽ കണ്ട് ആസ്വദിക്കാൻ ക്ഷണമുണ്ട്. ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ് ഈ വർഷത്തെ ഉദ്യാന ഉത്സവം. യുവമനസുകളിൽ അമൃത് ഉദ്യാന്റെ ആവേശം നിറയ്ക്കുന്നതിന് സ്കൂൾ കുട്ടികൾക്കിടയിൽ ബട്ടൺ ബാഡ്ജുകൾ വിതരണം ചെയ്യും. Sound Pipe പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. അമൃത് ഉദ്യാൻ സന്ദർശിക്കുന്നവർക്ക് ഏറെ വൈവിദ്യങ്ങൾ നിറഞ്ഞതും പ്രകൃതി സൗഹൃദവുമായ Seed Papers മെമൻറോയും സമ്മാനിക്കും. ന്യൂസ് ഡസ്ക്, ആകാശവാണി.

************************************

## NATIONAL MEDICAL COMMISSION

രാജ്യത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കണമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നേരെ അടുത്തിടെയുണ്ടായ അതിക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് നിർദ്ദേശം. അധ്യാപകർ, മെഡിക്കൽ വിദ്യാർത്ഥികൾ, റസിഡൻ്റ് ഡോക്ടർമാർ എന്നിവരുൾപ്പെടെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും കോളേജ്, ഹോസ്പിറ്റൽ കാമ്പസിനുള്ളിൽ സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഒരുക്കുന്നതിന് ഒരു പൊതു നയം വികസിപ്പിക്കാൻ എല്ലാ മെഡിക്കൽ കോളേജുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

************************************

## CALCUTTA HIGH COURT

പശ്ചിമബംഗാളിൽ വനിതാ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട് കൽക്കട്ട ഹൈക്കോടതി. കേസ് സംബന്ധിച്ച എല്ലാ രേഖകളും എത്രയും പെട്ടെന്ന് സിബിഐക്ക് കൈമാറാൻ സംസ്ഥാന പൊലീസിനോട് കോടതി ആവശ്യപ്പെട്ടു. കേസിൽ ഡോക്ടറുടെ മാതാപിതാക്കൾ ഉൾപ്പെടെ നൽകിയ ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. സംഭവത്തിൽ പ്രതിഷേധിച്ച് റസിഡൻറ് ഡോക്ടർമാരുടെ സംഘടന നടത്തിവന്ന സമരം പിൻവലിച്ചു. ഫെഡറേഷൻ ഓഫ് റസിഡൻറ് ഡോക്ടേഴ്സ് അസോസിയേഷൻ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം.

***********************************

## REHABILITATION–WAYANAD

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് വീട്ടുപകരണങ്ങൾ ഉൾപ്പെടെ നൽകി താത്ക്കാലിക പുനരധിവാസം ഉറപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ. വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള നൂറോളം ക്വാർട്ടേഴ്സുകളും, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 253 വാടക വീടുകളും പുനരധിവാസത്തിന് കണ്ടെത്തി. സ്വന്തം നിലയിൽ വാടക വീടുകൾ കണ്ടെത്തുന്നവർക്കും, ബന്ധുവീടുകളിലേക്ക് മാറുന്നവർക്കും എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുമെന്നും സർക്കാർ അറിയിച്ചു.

***********************************

## WAYANAD – EXPERTS

ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം വയനാട്ടിലെ ദുരന്ത മേഖലകളിൽ ഇന്നും പരിശോധന തുടരും. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണ്

പരിശോധന നടത്തുന്നത്. പ്രദേശത്തെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ ശേഖരിച്ചു. ദുരന്ത പ്രദേശത്തെയും അനുബന്ധ മേഖലകളിലേയും അപകട സാധ്യതകൾ വിലയിരുത്തി സംഘം സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കും. നാളെ വരെയാണ് പരിശോധന .

*********************************

## IMD

അടുത്ത ഏഴ് ദിവസങ്ങളിൽ പടിഞ്ഞാറൻ ഹിമാലയൻ മേഖല, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, കിഴക്കേ ഇന്ത്യ എന്നിവിടങ്ങളിൽ കനത്ത മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത അഞ്ച് ദിവസങ്ങളിൽ ഹരിയാന, രാജസ്ഥാൻ, വടക്കുകിഴക്കൻ മേഖല എന്നിവിടങ്ങളിലും കനത്ത മഴ തുടരാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

*********************************

## RAIN – KERALA

കേരളത്തിൽ വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദ്ദേശവും ഉണ്ട്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 17 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കർണാടക തീരത്ത് മീൻപിടിത്തത്തിന് തടസ്സമില്ല.

*********************************

## KARNATAKA – ARJUN

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ഗംഗാവലി പുഴയിൽ ഇന്നും തെരച്ചിൽ തുടരും. ഇന്നലെ നടന്ന തെരച്ചിലിൽ ലോറിയുടെ

ഭാഗം കണ്ടെടുത്തതായാണ് റിപ്പോർട്ട്. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പേയുടെ നേതൃത്വത്തിലാണ് ഇന്നലെ തെരച്ചിൽ നടന്നത്.

**********************************

## DRDO- GAURAV

ഇന്ത്യൻ വ്യോമസേനയുടെ ദീർഘദൂര യുദ്ധവിമാനമായ സുഖോയ്-30 MK-ഐ-ൽ നിന്നുള്ള ലോംഗ് റേഞ്ച് ഗ്ലൈഡ് ബോംബ് GAURAV ൻ്റെ ആദ്യ പരീക്ഷണ പറക്കൽ DRDO യുടെ നേതൃത്ത്വത്തിൽ വിജയകരമായി പൂർത്തിയാക്കി. . ഒഡീഷ തീരത്താണ് പരീക്ഷണം നടത്തിയതെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. വളരെ ദൂരെയുള്ള ലക്ഷ്യങ്ങളെ ആക്രമിക്കാൻ ശേഷിയുള്ള ആയിരം കിലോഗ്രാം ക്ലാസ് ഗ്ലൈഡ് ബോംബാണ് ഗൗരവ്. ഹൈദരാബാദിലെ DRDO റിസർച്ച് സെൻ്റർ തദ്ദേശീയമായി രൂപകൽപ്പന ചെയ്തതാണിത്. വിമാന പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയതിൽ ഡിആർഡിഒ-യെയും ഇന്ത്യൻ വ്യോമസേനയെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

**********************************

## TRAI - SPAM CALL

വർദ്ധിച്ചു വരുന്ന സ്പാം കോളുകൾ നിയന്ത്രിക്കുന്നതിൻറെ ഭാഗമായി രജിസ്റ്റർ ചെയ്യാത്ത നമ്പരുകൾ വിച്ഛേദിക്കാൻ സേവനദാതാക്കൾക്ക് നിർദ്ദേശം നല്കി ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ. മുൻകൂട്ടി റെക്കോർഡ് ചെയ്ത കോളുകളും ഇൻറർനെറ്റ് കോളുകളും നേരത്തെ രജിസ്റ്റർ ചെയ്ത നമ്പരുകളിൽ നിന്നു മാത്രമേ വരുന്നുള്ളൂ എന്ന് ഉറപ്പു വരുത്തണം. രജിസ്റ്റർ ചെയ്യാത്ത നമ്പരുകളെ കരിമ്പട്ടികയിൽപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്.

**********************************

## VINESH PHOGAT IOA HEARING

പാരിസ് ഒളിമ്പിക്സിൽ ഗുസ്തി താരം വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയ സംഭവത്തിൽ കായിക തർക്ക പരിഹാര കോടതി വിധി പറയുന്നത് മാറ്റി. ഈ മാസം 16ന് വിധിയുണ്ടാകുമെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസ്താവനയിൽ അറിയിച്ചു. ക്യൂബൻ ഗുസ്തി താരം യൂസ്നെലിസ് ഗുസ്മാൻ ലോപ്പസിനൊപ്പം വെള്ളി മെഡൽ ആവശ്യപ്പെട്ടാണ് വിനേഷ് ഫോഗട്ട് കായിക തർക്ക പരിഹാര കോടതിയെ സമീപിച്ചത്.

****************************************

## MORN EC HARYANA POLL PREPARATION

ഹരിയാനയിൽ വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ അവലോകനം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, എസ്.എസ് സന്ധു എന്നിവരാണ് സ്ഥിതി വിലയിരുത്തിയത്. ഹരിയാന നിയമസഭയുടെ കാലാവധി ഈ വർഷം നവംബർ 3 ന് അവസാനിക്കും. ചണ്ഡീഗഢിലെ രണ്ട് ദിവസത്തെ അവലോകന സന്ദർശനത്തിനിടെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും കമ്മീഷൻ കൂടിക്കാഴ്ച നടത്തി.

****************************************

## TN LEADER ARREST

മൈലാപ്പൂർ ഹിന്ദു പെർമനൻ്റ് ചിട്ട് ഫണ്ട്സ് ലിമിറ്റഡിൻ്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ദേവനാഥൻ യാദവിനെ ഇന്നലെ വൈകുന്നേരത്തോടെ സാമ്പത്തിക കുറ്റകൃത്യ വകുപ്പ് അറസ്റ്റ് ചെയ്തു. ചിട്ടി ഫണ്ടുകളിൽ 500 കോടിയിലധികം രൂപയുടെ നിക്ഷേപ തട്ടിപ്പിൻറെ പേരിലാണ് അറസ്റ്റ്. ഇന്ത്യാ മക്കൾ കൽവി മുന്നേട്ര കഴകത്തിൻ്റെ നേതാവും സ്വകാര്യ ചാനലിൻ്റെ ഉടമയുമാണ് ദേവനാഥൻ.

***********************************

## US-ISRAEL ARM SALE

ഇസ്രായേലിനായി 20 ബില്യൺ ഡോളറിന്റെ ആയുധ വിൽപ്പനയ്ക്ക് അംഗീകാരം നൽകി യുഎസ് . യുദ്ധവിമാനങ്ങളും അത്യാധുനിക എയർ-ടു-എയർ മിസൈലുകളും ഉൾപ്പെടെയുള്ള ആയുധങ്ങളുടെ വില്പനക്കാണ് അംഗീകാരം . യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഇന്നലെയാണ് ഇക്കാര്യം അറിയിച്ചത്.

***********************************

## JAISHANKAR INDIA US

ലോകമെമ്പാടുമുള്ള ജനാധിപത്യ പ്രക്രിയകളെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്നും അമേരിക്കയിൽ ആര് വിജയിച്ചാലും പുതിയ പ്രസിഡന്റിനൊപ്പം പ്രവർത്തിക്കാൻ ഇന്ത്യയ്ക്ക് കഴിയുമെന്നും വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഇന്ത്യ-യുഎസ് ബന്ധത്തിന്റെ മാറ്റങ്ങളെക്കുറിച്ചും യു.എസിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെക്കുറിച്ചും യു.എസിൽ സംസാരിക്കുകയായിരുന്നു ശ്രീ ജയശങ്കർ. ഉഭയകക്ഷി ബന്ധത്തിൽ ഇന്ത്യൻ പ്രവാസിസമൂഹം നിർണായക ഘടകമാണെന്ന് പറഞ്ഞ മന്ത്രി യു.എസിലുള്ള ഇന്ത്യൻ പ്രവാസികളെപ്പോലെ മറ്റൊരു പ്രവാസി സമൂഹവും അവരുടെ ജന്മദേശവുമായി ആഴത്തിലുള്ള ബന്ധം നിലനിർത്തിയിട്ടില്ലെന്ന് പറഞ്ഞു.

*****************************************************************************************************